(സി) ഇല്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

65 (483) ക്ലാസ്സ്-4 തസ്തികയിലേയ്ക്ക് നിയമനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ക്ലാസ്-4 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എന്താണ് കാരണം;

(ഡി) കേരള സർവ്വകലാശാലയിൽ ക്ലാസ്-4 ജീവനക്കാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഇ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എല്ലാ ഒഴിവുകളും നികത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇതുവരെ ആരെയും നിയമിച്ചിട്ടില്ല എന്ന് സർവകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) എംപവേർഡ് കമ്മിറ്റിയുടെ അനുവാദം ലഭിക്കാത്തതാണ് കാരണം.

(ഡി) നൂറോളം ഒഴിവുകൾ നിലവിലുണ്ട്,

(ഇ) എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

66 (484) ഡിഗ്രി സർട്ടിഫിക്കറ്റുകൾ

ശ്രീ. ജോർജ് ജെ മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസർവ്വകലാശാലയിൽ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള എത്ര അപേക്ഷകൾ 21.11.99 ലെ കണക്കനുസരിച്ച് തീർപ്പാക്കാനുണ്ട്;

(ബി) ഇവ എന്നുമുതൽ കിട്ടിയ അപേക്ഷകളാണ്;

(സി) ഇവ തീർപ്പാക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 ൽ ഫലം പ്രസിദ്ധീകരിച്ച സർവ്വകലാശാല പരീക്ഷയുടെ ഡിഗ്രി സർട്ടിഫിക്കറ്റിനു ലഭിച്ച അപേക്ഷകൾ കൂടാതെ നൂറോളം

LIBRARY ARCHIVES Kerala Legislative Assembly